നം. സിഇഇ/1515/2011/കെഇഎം-2012/റ്റിഎ1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## <u>പത്രക്കുറിപ്പ്</u>

## 2012 ലെ കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ അയയ്ക്കുന്നത് സംബന്ധിച്ച്

**അപേക്ഷ അയയ്ക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

1. അപേക്ഷയിൽ പതിക്കുന്ന ഫോട്ടോയിൽ വിദ്യാർത്ഥി പഠിച്ച / പഠിക്കുന്ന സ്ഥാപന മേധാവി അഥവാ ഒരു സർക്കാർ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഡെസിഗ്നേഷൻ സീലും ഓഫീസ് സീലും പതിച്ചിരിക്കണം.
2. അപേക്ഷയുടെ 10-ാം പേജിൽ കൊടുത്തിട്ടുള്ള ഡിക്ലറേഷൻ വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിട്ടിരിക്കണം.
3. അപേക്ഷയോടൊപ്പം നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, കോഴ്സ് സർട്ടിഫിക്കറ്റ് എന്നിവ ഉണ്ടായിരിക്കണം.
4. ഏതെങ്കിലും സാമുദായിക / പ്രത്യേക സംവാരണാനുകൂല്യം ലഭിക്കുന്നതിന് അധികാരികൾ നൽകുന്ന ഒറിജിനൽ സർട്ടിഫിക്കറ്റ് തന്നെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പമല്ലാതെ ഹാജരാക്കുന്ന രേഖകളൊന്നും തന്നെ പരിഗണിക്കുന്നതല്ല.
5. അപേക്ഷാ ഫീസ് അടയ്ക്കാനുപയോഗിച്ച സെക്യൂരിറ്റി കാർഡോ, പകർപ്പോ, അതിലെ നമ്പരുകളോ യാതൊരു കാരണവശാലും അയയ്ക്കാൻ പാടുള്ളതല്ല.

തിരുവനന്തപുരം
02.02.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**